# ചെങ്ങളായി മാപ്പിള
# എ. എൽ. പി സ്കൂൾ

## CHENGALAYI MOPLA A.L.P SCHOOL

# സ്കൂൾതല അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## സ്കൂൾ സംബന്ധമായ വിവരങ്ങൾ

| | |
|---|---|
| ജില്ല | : കണ്ണൂർ. |
| സ്കൂൾ കോഡ് | : 13418 |
| സ്കൂളിന്റെ പേര് | : ചെങ്ങളായി മാപ്പിള എ.എൽ.പി സ്കൂൾ. |
| മേൽവിലാസം | : ചെങ്ങളായി. പി.ഒ. ശ്രീകണ്ഠാപുരം. 670631 (പിൻ) കണ്ണൂർ (ജില്ല) |
| ഫോൺ നമ്പർ | : 04602233166. |
| ഇ-മെയിൽ അഡ്രസ്സ് | : |
| ഗ്രാമ പഞ്ചായത്ത് | : ചെങ്ങളായി |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ് |
| ഉപജില്ല | : ഇരിക്കൂർ |
| ക്ലാസ്സുകൾ | : 1 മുതൽ 4 വരെ. എൽ.കെ.ജി, യു.കെ.ജി. |
| മാനേജ്മെന്റ് | : എയിഡഡ്. |
| മാനേജ്മെന്റ് നടത്തിപ്പ് | : മദ്രസത്തുൽ ഇർഷാദ് ദർസ് & എജ്യുക്കേഷൻ കമ്മിറ്റി, ചെങ്ങളായി |
| മാനേജരുടെ പേര് | : പി.വി. മുഹമ്മദ് കുഞ്ഞി ഹാജി. |
| സ്ഥാപിതമായ വർഷം | : 1941 |
| പഠന മാധ്യമം | : മലയാളം & ഇംഗ്ലീഷ്. |

## ആമുഖം

കണ്ണൂർ ജില്ലയുടെ മലയോരമേഖലയോട് ചേർന്ന് തളിപ്പറമ്പ് താലൂക്കിലെ തികച്ചും ഗ്രാമീണമായ അന്തരീക്ഷം നിലനിൽക്കുന്ന പ്രകൃതി രമണീയമായ നാടാണ് ചെങ്ങളായി. കൃഷിക്ക് ഏറെ പ്രാധാന്യം നൽകിയിരുന്ന ഒരു തലമുറ ചെങ്ങളായിയെ എന്നും സമ്പന്നമാക്കിയിരുന്നു. വളപട്ടണം പുഴ സമാന്തരമായി ഒഴുകുന്നതു കൊണ്ട് തന്നെ ഒരു കാലത്ത് കണ്ണൂർ ജില്ലയിലെ വളരെ പ്രാചീനമായ ഒരു വ്യാപാര കേന്ദ്രം കൂടിയായിരുന്നു ഈ നാട്. യന്ത്രവൽകൃത കൽപ്പണകൾ വന്നു തുടങ്ങിയ ആദ്യ നാളുകൾ തൊട്ടേ ചെങ്കല്ലിനും പേരുകേട്ട നാടായിരുന്നു ചെങ്ങളായി.

മറ്റു സമീപ പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്ക് പേരുകേട്ട നാട് കൂടിയായിരുന്നു ചെങ്ങളായി. ബ്രിട്ടീഷുകാരുടെ കാലത്ത് തന്നെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലനിന്നിരുന്ന ഈ പ്രദേശത്ത് ധാരാളം മത-ഭൗതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതി ചെയ്തിരുന്നു. അതുകൊണ്ട് തന്നെ കണ്ണൂർ ജില്ലയിലെ വിദ്യാസമ്പന്നമായ അപൂർവ്വം പ്രദേശങ്ങളിൽ ഒന്നായിരുന്നു ചെങ്ങളായി. അനൗപചാരിക വിദ്യാഭ്യാസം വഴിയും വിദ്യാസമ്പന്നരായവർ ധാരാളമായി സർക്കാരിന്റെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നത് ചെങ്ങളായിയുടെ സ്വകാര്യ അഹങ്കാരമായിരു

ന്നു.

ചെങ്ങളായി യുടെ വിദ്യാഭ്യാസ മുന്നേറ്റത്തി
ന് പ്രത്യേകിച്ചും മുസ്ലീം - ദളിത - സമൂഹത്തിന്റെ
സാമൂഹിക മുന്നേറ്റത്തിൽ നിർണ്ണായകമായ
പങ്കു വഹിച്ച ഒരു സ്ഥാപനമായി 1941 ൽ ഒരു
ചെങ്ങളായി ടൗണിലെ ഒരു പീടിക മുറിയുടെ
മുകളിൽ ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ച-
താണ് ചെങ്ങളായി മാപ്പിള എ. എൽ. പി. സ്കൂൾ.
ഒളുയക്കര കുഞ്ഞിമൊയ്തീൻ എന്ന ഒരു മഹാ-
മാനുഷി സ്ഥാപനം നടത്തിക്കൊണ്ടു പോകുന്നതി
ന് പ്രയാസം വന്നപ്പോൾ ചെങ്ങളായി മഹല്ല് ജമാ-
അത്തിനെ സമീപിക്കുകയും സ്കൂളിന്റെ നടത്തിപ്പ്
കമ്മിറ്റിക്ക് നൽകുകയുമാണ് ചെയ്തത്. ജമാഅത്ത്
കമ്മിറ്റി യുടെ കീഴിൽ ചെങ്ങളായി യുടെ മത ഭൗതി
ക വിദ്യാഭ്യാസ പ്രോത്സാഹനത്തിനും വികാസത്തിനുമായി
രൂപീകരിക്കപ്പെട്ട മദ്രസത്തുൽ ഇർഷാദ് ട്രസ്റ്റ് &
എജ്യുക്കേഷൻ കമ്മിറ്റി സ്കൂൾ മാനേജ്മെന്റ് ഏറ്റെ
ടുത്തു കൊണ്ട് ഇപ്പോഴും സ്കൂളിന്റെ പ്രവർത്തന
ങ്ങൾ ഭംഗിയായി നിർവ്വഹിച്ചു വരുന്നു. ചെങ്ങളായി
ടൗണിന്റെ ഹൃദയ ഭാഗത്ത് വർഷങ്ങളോളം
പ്രവർത്തിച്ച സ്കൂൾ ഇന്ന് ചെങ്ങളായിലെ തന്നെ
അരിമ്പ്ര ചെങ്ങളായി കുടുംബാരോഗ്യ കേന്ദ്രത്തി
നും ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിനും
സമീപത്തായി ഇരു നില കെട്ടിടത്തിൽ സ്ഥിതി
ചെയ്യുന്നു.

സ്ഥല പരിമിതി കൊണ്ട് വീർപ്പു മുട്ടിയ ടൗണിലെ പരിമിതമായ സൗകര്യങ്ങളിൽ നിന്നും വിസ്തൃതമായ ഇന്നത്തെ സൗകര്യത്തിലേക്ക് സ്കൂളിനെ പറിച്ചു നട്ടതും വിദ്യാഭ്യാസത്തോട് അടങ്ങാത്ത താൽപര്യമുണ്ടായിരുന്ന ആ പഴയ കുടുംബത്തിന്റെ കാരുണ്യ ഹസ്തങ്ങളായിരുന്നു. വിദ്യാലയം കമ്മിറ്റിക്ക് വിട്ടു നൽകിയ കൈരള-ക്കര എന്ന ആ കുടുംബത്തിലെ മുൻതലമുറയെ മാതൃകയാക്കി കൊണ്ട് പിൻതലമുറക്കാരാണ് സ്കൂൾ സ്ഥാപിക്കാനായി ഇന്നത്തെ സ്ഥലത്ത് 1.25 ഏക്കർ ഭൂമി തീർത്തും സൗജന്യമായി നൽകിയത്. സമീപത്തുള്ള മറ്റൊരു കുടുംബവും കൂടി സ്ഥലം സംഭാവന നൽകിയപ്പോൾ വിശാലമായ കെട്ടിട സമുച്ചയത്തോടെ സ്കൂൾ തലയുയർത്തി നിൽക്കുന്നു.

അക്കാദമിക - അക്കാദമികേതര രംഗങ്ങളിൽ ഇന്ന് സ്കൂൾ ഏറെ മുന്നിലെത്തിയിരിക്കുന്നു. ഇരിക്കൂർ സബ് ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എൽ. എസ്. എസ് ജേതാക്കളാക്കുന്ന വിദ്യാലയം എന്ന പേര് സമ്പാദിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. കലാ- ശാസ്ത്ര- പ്രവൃത്തി പരിചയ മേളകളിൽ സബ് ജില്ലയിൽ ഓവറോൾ നേടുന്നതും വിദ്യാലയം തന്നെ. വൈജ്ഞാനിക മത്സര പരീക്ഷകളിൽ വിദ്യാലയത്തിലെ മക്കൾ എന്നും മുന്നിലാണ്.

# സ്കൂൾതല അക്കാദമിക് മാസ്റ്റർ പ്ലാൻ-2025-26

വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം എന്നു പറയുന്നത് അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകക്രമത്തിൽ കർമ്മനിരതമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ്. സാമൂഹ്യ പുരോഗതിക്ക് ആ സമൂഹത്തിലെ ഓരോ വ്യക്തിയുടെയും വികസനം അനിവാര്യമാണ്. വിദ്യാഭ്യാസ പ്രക്രിയ രൂപകൽപന ചെയ്യുമ്പോൾ വികസനോന്മുഖമായ ഒരു സാമൂഹിക നിർമ്മിതിയായിരിക്കണം ലക്ഷ്യം വെയ്ക്കേണ്ടത്.

ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് എല്ലാറ്റിന്റെയും അടിസ്ഥാനമാണ്. ദാരിദ്ര്യമില്ലായ്മയും നല്ല ആരോഗ്യവും ക്ഷേമവും വിശപ്പു രഹിത സമൂഹവും എല്ലാം സാധ്യമാകണമെങ്കിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം അനിവാര്യമാണ്. നമ്മുടെ നാട്, കേരളം കൈവരിച്ച എല്ലാ നേട്ടങ്ങൾക്കും നിദാനം വിദ്യാഭ്യാസ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഒന്നുകൊണ്ട് മാത്രമാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ "ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും" എന്ന ലക്ഷ്യം പ്രാപ്യമാക്കുന്നതിന് കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ വഴിയേ ചെങ്ങളായി എം. എ. എൽ. പി. സ്കൂളും പ്രയാണം ആരംഭിച്ചിട്ട് 84 സംവത്സരങ്ങളായിരിക്കുന്നു.

## വിഷൻ:

"സ്കൂളിലെത്തുന്ന ഓരോ വിദ്യാർത്ഥിക്കും വ്യത്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാക്കുന്നു"

## ലക്ഷ്യങ്ങൾ:

വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അദ്ധ്യേയവും ആസ്വാദ്യകരമാക്കി ഓരോ വിദ്യാർത്ഥിയും പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

ക്ലാസ്സ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്കു പുറമെ കലാ-കായിക-പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

പഠന പിന്തുണാ പ്രവർത്തനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുത്താൻ സംവിധാനമൊരുക്കുന്നു.

ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടു-കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന-തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുന്നു.

പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## അക്കാദമിക നേട്ടങ്ങൾ

ഇരിക്കൂർ ഉപജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ എൽ എസ് എസ് പരീക്ഷയ്ക്കിരുത്തുകയും ഉപജില്ലയിലെ തന്നെ ഏറ്റവും കൂടുതൽ ജേതാക്കളെ സൃഷ്ടിച്ചെടുക്കുകയും ചെയ്ത വിദ്യാലയം എന്ന പദവി കഴിഞ്ഞ 4 വർഷങ്ങളായി തുടർന്നു കൊണ്ടിരിക്കുന്നു. വിവിധ ക്വിസ് മത്സരങ്ങളിൽ സ്ഥിരമായി ഉപജില്ലാ തലത്തിലും ജില്ലാതല മത്സരങ്ങളിലും സ്കൂളിലെ കുട്ടികൾ സ്ഥിരമായി നേട്ടങ്ങൾ കൊയ്യുന്നു. സംസ്ഥാനത്തെ എൽ.എസ് എസ് ജേതാക്കളിൽ പ്രതിഭാധനരായ കുട്ടികളെ കണ്ടെത്തി ടിടിൽ മാസ്റ്റേഴ്സ് രൂപീകരിച്ചപ്പോൾ ഇരിക്കൂർ ഉപജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത 10 കുട്ടികളിൽ ഒരാൾ ഈ വിദ്യാലയത്തിലെ കുട്ടിയായിരുന്നു. എൽ. കെ. ജി, യു.കെ. ജി കുട്ടികൾക്കായി സംസ്ഥാന തലത്തിൽ നടത്തിവരുന്ന വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ റാങ്കുകൾ വാരിക്കൂട്ടുന്നതും സ്കൂളിലെ മക്കൾ തന്നെയാണ്.

അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ.

1 ഭാഷാശേഷി വികസനം.
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - ആസ്വാദ്യകരമാക്കാൻ - "TALK SMART."
4. TODAYS READER, TOMARROWS LEADER"
5. പ്രതിഭാ പോഷണ പരിപാടി.
6. ലൈബ്രറി ശാക്തീകരണം.
7. ശാസ്ത്ര പോഷണ പരിപാടി
8. ജൈവ വൈവിധ്യ പാർക്ക്.
9. ബയോ ഗ്യാസ് പ്ലാന്റ്
10. പഠനയാത്രകൾ.
11. അധ്യാപക ശാക്തീകരണം.
12. കലാ പരിപോഷണം.
13. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
14 രക്ഷാകർതൃ ബോധവൽക്കരണവും പരിശീലനവും. "-Let's CHANGE."
15. "ദിനാചരണം വഴി മനോഭാവം" പരിശീലനം.
16 കായിക ശേഷി വികസനം - പരിശീലനം.
17 "ആത്മീകം അത്യന്താപേക്ഷിതം" - മൂല്യനിർണ്ണയം ശക്തിപ്പെടുത്തൽ
18. "പിറന്നാളിന് കൂട്ടുകാർക്കൊരുത്തൻ"
19. എന്റെ പിറന്നാളിന് ലൈബ്രറിക്കൊരു പുസ്തകം.
20 കരാട്ടെ, സ്കേറ്റിംഗ് -

പ്രവർത്തന വിശദാംശങ്ങൾ

ഉപമേഖല : ഇംഗ്ലീഷ്

പ്രവർത്തനം : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ്സ് കൈകാര്യം ചെയ്യൽ | | ക്ലാസ്സ് ടീച്ചർ | |
| | 2) ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനം കാര്യക്ഷമമാക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക്. | | |
| | 3) ആഴ്ച മാസത്തിൽ 2 ദിവസം ഇംഗ്ലീഷ് അസംബ്ലി | ഓരോ മാസത്തിലെയും രണ്ടാമത്തെ തിങ്കൾ, നാലാമത്തെ തിങ്കൾ | ക്ലാസ്സ് ടീച്ചർ | |
| | ഇംഗ്ലീഷ് മാഗസിൻ<br>ഇംഗ്ലീഷ് ലൈബ്രറി<br>ഇംഗ്ലീഷ് കോർണർ | ആഴ്ചയിൽ ഒരു ദിവസം (ഒരു വർഷത്തേക്ക്)<br>രണ്ടാഴ്ചയിൽ ഒന്ന്. | HM, SRG, ക്ലാസ്സ് ടീച്ചർ | PTA. |

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | (1) ഇംഗ്ലീഷ് തിയ്യറ്റർ. ഇംഗ്ലീഷ് കഥ, കവിത രചന ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | 3 മാസത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ | പി. ടി. എ പ്രാദേശിക സഹായം. |
| | (2) ഇംഗ്ലീഷ് സ്കിറ്റ് അവതരണം. | മാസത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ | |
| ഇംഗ്ലീഷ് അസംബ്ലി | (1) ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. (2) തോട്ട് ഫോർ ദ ഡേ. | മാസത്തിൽ 2 തവണ | ടീച്ചേഴ്സ്. ഇംഗ്ലീഷ് ക്ലബ്ബ് ചുമതലക്കാർ | |
| നന്നായി ഇംഗ്ലീഷ് [illegible]. പറയാനും അവതരിപ്പിക്കാനും കഴിയുന്ന തലത്തിൽ കുട്ടികളെ എത്തിക്കുന്നു | ഇംഗ്ലീഷ് ഫെസ്റ്റ്. | | | |
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | ലിറ്റിൽ സ്റ്റെപ്പ് ടു ഗ്രേറ്റ് സ്റ്റെപ്പ്. | വർഷത്തിൽ 2 തവണ | ഇംഗ്ലീഷ് ക്ലബ്ബ് ചുമതലക്കാർ. | പി. ടി. എ. പ്രാദേശിക സഹായം. |
| ഇംഗ്ലീഷ് വചന പരിപോഷണം സ്പോക്കൺ ഇംഗ്ലീഷിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | ഇംഗ്ലീഷ് കോർണർ. | ആഴ്ചയിൽ ഒരിക്കൽ. | ഇംഗ്ലീഷ് അധ്യാപകർ | |

## ഉപമേഖല : മലയാളം

### ഭാഷാശേഷി വികസനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി വായിക്കാനും എഴുതാനും സർഗാത്മകതയിൽ ഏർപ്പെടാനുമുള്ള ശേഷി വികസനം. | 1) പ്രീ ടെസ്റ്റ്. 2) അക്ഷരം ഉറപ്പിക്കൽ. 3) പദനിർമാണം 4) ഭാഷാമൃതം 5) വായനക്കാർഡ് | ജൂൺ. വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | വായനക്കൂടാരം ഒരുക്കൽ. | | | |
| | പുതുവർഷം പുസ്തക വർഷം | ജൂൺ 19 മുതൽ | ക്ലാസ്സ് ടീച്ചർ | |
| | ക്ലാസ്സിലൊരു ലൈബ്രറി. സ്കൂളിലും. | | | |
| | പിറന്നാളിന് എന്റെ വക പുസ്തകം. | വർഷം മുഴുവനും | ക്ലാസ്സ് ടീച്ചർ | |
| | വായനശാലാ സന്ദർശനം വഴി വായനക്കാർഡ് സ്വീകരിക്കലും. | ജൂൺ 19 - ജൂലൈ 7 | | |
| പത്രവായന പരിപോഷിപ്പിക്കൽ | ഞങ്ങളും നീണ്ട വായന. പത്ര വായന ക്വിസ്. പത്രവാർത്ത വായിക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | എല്ലാ ആഴ്ചയും | | |
| | സാഹിത്യ ക്വിസ് | ആഴ്ചയിൽ ഒന്ന്. | ക്ലാസ്സ് ടീച്ചർ. | |
| | രചന ശിൽപ്പശാല | വർഷത്തിൽ 3 തവണ. | | |
| | പുസ്തക ചർച്ച. | മാസത്തിൽ ഒരു തവണ | | |
| ദിനാചരണങ്ങൾ വഴി വ്യക്തിത്വ വികസനവും ജ്ഞാനാത്മക സംവാദനവും സർഗ്ഗാത്മക വികസനവും. | പോസ്റ്റർ രചന. ക്വിസ് | ജൂൺ - മാർച്ച്. | SRG. | |
| വിവിധ വ്യവഹാര രൂപങ്ങളിൽ എഴുതുവാനും അവതരിപ്പിക്കാനും ഉള്ള ശേഷി വികസനം. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചന നടത്തൽ പരിസ്ഥിതി ദിനം വായന ദിനം ഹിരോഷിമ ദിനം സ്വാതന്ത്ര്യ ദിനം | വർഷം മുഴുവനും | ക്ലാസ്സ് ടീച്ചർ | |

## ഉപമേഖല : ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | |
| ജ്യാമിതീയ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു. | ഈർക്കിൽ, കമ്പ്, വളകൾ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കുന്നു | ജൂൺ മുതൽ ആഗസ്റ്റ്. വരെ | ക്ലാസ് ടീച്ചർ | |
| 10000 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു, സങ്കലനം, വ്യവകലനം, ഹരണം എന്നീ ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | മനഃകണക്കുകൾ. സംഖ്യാ കാർഡ് - കൊണ്ട് കളിക്കാം. മഞ്ചാടിക്കുരു. നാണയങ്ങൾ കളിനോട്ടുകൾ. സംഖ്യകൾ പറയാം കുട്ടി നോക്കാം. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം സുഖകരമാക്കൽ | ഗണിത പഠനോപകരണ ശിൽപശാല | വർഷത്തിൽ രണ്ടുതവണ | ഗണിതാധ്യാപകർ, ഗണിത ക്ലബ്ബ്. | PTA |
| ഗണിത ശേഷികളുടെ പ്രകടനം | ഗണിതമേള. | വർഷത്തിലൊന്ന്. | SRG. ഗണിത ക്ലബ്ബ്. | PTA |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ | വർഷം മുഴുവൻ | ഗണിത ക്ലബ്ബ്. | മാനേജ്മെന്റ്. |

## ഉപമേഖല: ആരോഗ്യ- കായികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യവുള്ള ശരീരം ആരോഗ്യവുള്ള മനസ്സ് രൂപപ്പെടുത്തി വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1) "Roll in Kick" കരാട്ടെ പരിശീലനം<br>2) സ്കേറ്റിംഗ് പരിശീലനം | ആഗസ്ത് മുതൽ മാർച്ച് വരെ ആഴ്ചയിൽ ഒരു ദിവസം (തിങ്കളാഴ്ച) | ടീച്ചർ ഇൻ ചാർജ് | മാനേജ്മെന്റ്. |
| | 3) സുംബ ഡാൻസ് | മാസത്തിൽ ഒരു തവണ | ടീച്ചർ ഇൻ ചാർജ്. | |
| | 4) സ്കൂൾ തല സ്പോർട്സ് മീറ്റ്.<br>5) കളിക്കളം. | സെപ്തംബർ മുതൽ ഒക്ടോബർ വരെ. | ടീച്ചർ ഇൻ ചാർജ്. | മാനേജ്മെന്റ് PTA |

# ഉപസംഹാരം.

ചെങ്ങളായി മാപ്പിള എ. എൽ. പി. സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് സാധ്യമാകും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും മാനേജ്മെന്റ് - PTA കളുടെയും ജനപ്രതിനിധികളുടെയും വകുപ്പ് തല ഉദ്യോഗസ്ഥരുടെയും ആത്മാർത്ഥമായ സഹായ സഹകരണം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെ - പ്രതീക്ഷയോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ എല്ലാവർക്കും മുമ്പിൽ സമർപ്പിക്കട്ടെ.

സ്നേഹപൂർവ്വം.
ഹെഡ്മാസ്റ്റർ
ചെങ്ങളായി മാപ്പിള
എ. എൽ. പി. സ്കൂൾ.